**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 608** **09.07.2014 ലെ മറുപടിയ്ക്ക്**

**ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. റ്റി. യു. കുരുവിള :**<br>**ശ്രീ. സി.എഫ്. തോമസ് :**<br>**ശ്രീ. മോൻസ് ജോസഫ് :**<br>**ശ്രീ. തോമസ് ഉണ്ണിയാടൻ :** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ധനകാര്യ വകുപ്പിൻ കീഴിൽ വരുന്ന കെ.എസ്.എഫ്.ഇ, കെ.എഫ്.സി തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) കെ.എസ്.എഫ്.ഇ യുടെ സേവനം കേരളത്തിലെ മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനു വേണ്ടി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ശാഖകൾ ആരംഭിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി 123 പുതിയ ശാഖകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിദ്യാധനം, എഡ്യു കെയർ എന്നീ പദ്ധതികൾ രൂപീകരിയ്ക്കുന്നതിന് കെ.എസ്.എഫ്.ഇ യ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര ചിട്ടി നിയമം, 1982 പ്രകാരം ചിട്ടിയേതര ബിസിനസ്സ് ചെയ്യുവാൻ പാടില്ലെന്നും, സ്ഥാപനത്തിന്റെ പേരിനോടൊപ്പം കുറി/ ചിട്ടി എന്ന നാമകരണം വേണമെന്നുള്ള നിബന്ധനയിൽ നിന്നും കെ.എസ്.എഫ്.ഇ യ്ക്ക് പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ട്. അഞ്ച് വർഷം വരെ കാലാവധിയുള്ള ചിട്ടികൾ മാത്രമേ തുടങ്ങാവൂ എന്ന നിബന്ധനയിലും, പിടിച്ച ചിട്ടിയുടെ തുക കൈപ്പറ്റാത്ത സാഹചര്യങ്ങളിൽ അത്തരം സംഖ്യ ബാങ്കിൽ നിക്ഷേപിക്കണമെന്ന |

വ്യവസ്ഥയിലും ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ ചിട്ടി സെക്യൂരിറ്റി നിക്ഷേപം മുഴുവനായി ഗവൺമെന്റ് ട്രഷറിയിൽ നിക്ഷേപിക്കുവാനും പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.എഫ്.ഇ യുടെ ശാക്തീകരണത്തിന്റെ ഭാഗമായി പ്രവർത്തന രീതിയും ഘടനയും പുനരാവിഷ്കരിക്കുന്നതു സംബന്ധിച്ച് ഒരു പ്രൊഫഷണൽ ഏജൻസി മുഖേന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കെ. എസ്. എഫ്. ഇ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനിയുടെ വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കൂടുതൽ ജനോപകാര പ്രദമാക്കുന്നതിനു വേണ്ടി ജാമ്യ വ്യവസ്ഥകൾ കൂടുതൽ ലളിതമാക്കുകയും, പരമാവധി ആൾ ജാമ്യ പരിധി 10 ലക്ഷം രൂപയും സ്വത്ത് ജാമ്യ പരിധി 2.50 കോടി രൂപയുമായി പുതുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ശാഖകളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള “ കോർ സൊല്യൂഷൻ” സോഫ്റ്റ് വെയർ വികസിപ്പിക്കുകയും ചില ശാഖകളിൽ ഉപയോഗിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്.

കേരള ഫിനാൽഷ്യൽ കോർപ്പറേഷനെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ കേരള സംസ്ഥാന സംരംഭക വികസന മിഷൻ, ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം തുടങ്ങിയ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ K. F.C. – യ്ക്ക് ബോണ്ട് വഴി കുറഞ്ഞ പലിശയിൽ

| | | | |
|---|---|---|---|
| | | | ധനസമാഹരണത്തിന് 400 കോടിയുടെ സർക്കാർ ഗ്യാരന്റി നല്കുകയുണ്ടായി. ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനായി 12.03 കോടി രൂപയും നല്കി. |
| (ബി) | ഇത്തരം ധനകാര്യ സ്ഥാപനങ്ങളിലൂടെ കൂടുതൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. കെ. എസ്. എഫ്. ഇ - യിലൂടെ കൂടുതൽ വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി സ്വർണ്ണ പണയ വായ്പ 3 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയായും വ്യക്തിഗത / ഗൃഹോപകരണ/ വാഹന വായ്പ 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായും, ഭവന വായ്പ 25 ലക്ഷം രൂപയിൽ നിന്ന് 50 ലക്ഷം രൂപയായും, ചിട്ടി വായ്പ 25 ലക്ഷം രൂപയിൽ നിന്ന് 75 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സുഗമ അക്ഷയ ഓവർ ഡ്രാഫ്റ്റ് ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>കമ്പനിയുടെ വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കൂടുതൽ ജനോപകാര പ്രദമാക്കുന്നതിനു വേണ്ടി ജാമ്യ വ്യവസ്ഥകൾ കൂടുതൽ ലളിതമാക്കുകയും, പരമാവധി ആൾ ജാമ്യ പരിധി 10 ലക്ഷം രൂപയും സ്വത്ത് ജാമ്യ പരിധി 2.50 കോടി രൂപയുമായി പുതുക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടുതൽ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യവുമായി കെ.എസ്.എഫ്.ഇ. ഭവന വായ്പ, വ്യക്തിഗത വായ്പ എന്നീ മേഖലകളിൽ പ്രത്യേക വായ്പാ മേളകൾ തെരഞ്ഞെടുക്കപ്പെട്ട ശാഖകളിലൂടെ നടത്തിവരുന്നു.<br><br>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പാവ്യാപ്തി വർദ്ധിപ്പിക്കാനും ഉയർന്ന പലിശ നിരക്കിലെ വായ്പാബാധ്യത |

തീർക്കാനുമായി ബോണ്ട് വഴി കുറഞ്ഞ പലിശയിൽ ധന സമാഹരണത്തിന് 2011-12-ൽ 200 കോടി രൂപയും 2012-13-ൽ 400 കോടി രൂപയും സർക്കാർ ഗാരന്റി നൽകിയിട്ടുണ്ട്. ഇതിൽ 400 കോടിയുടെ ബോണ്ട് സമാഹരണം KFC നടത്തുകയുണ്ടായി. ബാക്കി 200 കോടിയുടെ ബോണ്ട് സമാഹരണം ഈ വർഷം KFC നടത്താനുദ്ദേശിക്കുന്നു. 2013-14-ൽ 989.62 കോടി രൂപയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളത്. 2014-15-ൽ 1050 കോടിരൂപയുടെ വായ്പയാണ് ലക്ഷ്യമിടുന്നത്.

**(സി)** ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ വഴി നൽകുന്ന ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം എങ്കിലും പലിശ ഇളവ് ചെയ്തു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**(സി)** കെ.എസ്.എഫ്.ഇ യുടെ വിവിധ വായ്പകൾക്ക് ഇപ്പോഴുള്ള പലിശ നിരക്ക് ഇതര സാമ്പത്തിക സ്ഥാപനങ്ങളേയും ബാങ്കിങ്ങ് സ്ഥാപനങ്ങളേയും അപേക്ഷിച്ച് താരതമ്യേന കുറവായതിനാൽ ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ ഇളവ് നൽകുന്നത് ഇപ്പോൾ പ്രായോഗികമല്ല.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നൽകുന്ന ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒന്നര ശതമാനം മുതൽ രണ്ട് ശതമാനം വരെ പലിശ ഇളവ് ചെയ്തു നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**